പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 280 28.10.2019-ൽ മറുപടിക്ക്

**പാറശ്ശാല ഗവ.താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി നവീകരണം**

**ചോദ്യം**

ശ്രീ. സി.കെ.ഹരീന്ദ്രൻ

**മറുപടി**

കെ.കെ. ശൈലജ ടീച്ചർ
( ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാറശ്ശാല ഗവ.താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി നവീകരിക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) | പാറശ്ശാല താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി കിഫ്ബി ധനസഹായത്തിനായുള്ള പദ്ധതി തയ്യാറാക്കുന്നതിനായി കിറ്റ്കോയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി 18.03.2019 ലെ ജി.ഒ.(ആർ.ടി.) 694/2019/ആ.കു.വ. പ്രകാരം നിയമിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കിറ്റ്കോ സമർപ്പിച്ച പ്രാഥമിക റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) & (സി) | കിറ്റ്കോ സമർപ്പിച്ചിട്ടുള്ള പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഭരണാനുമതി നൽകിയ ശേഷമാണ് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) കിഫ്ബിയിൽ നൽകേണ്ടത്. ഡി.പി.ആർ വിശദ പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷമാണ് കിഫ്ബിയിൽ നിന്നും അനുമതി നൽകുന്നത്. അനുമതി ലഭ്യമായാലുടൻ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ എസ്.പി.വി. സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി എന്നേയ്ക്ക് ആരംഭിക്കാനാകും; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ